## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1378** — **21.03.2012 ലെ മറുപടിക്ക്**

### പ്രാഥമിക സഹകരണസംഘങ്ങളിലെ സ്വർണ്ണപ്പണയ പലിശനിരക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയത്തിന് എത്ര ശതമാനമാണ് പലിശ ഈടാക്കുന്നത് ; | എ) സഹകരണ സംഘം രജിസ്ട്രാറുടെ 31.10.2011 ലെ 77/2011-ാം നമ്പർ സർക്കുലർ പ്രകാരം 2 ലക്ഷം രൂപ വരെയുള്ള സ്വർണ്ണപ്പണയ വായ്പയ്ക്ക് 3 മാസം വരെയുള്ള കാലയളവിലേയ്ക്ക് 13% വും 6 മാസംവരെ 14% വും 2 ലക്ഷത്തിനു മുകളിൽ 6 മാസത്തിന് മുകളിലുള്ള കാലയളവിലേയ്ക്ക് 14.5% വുമാണ് പലിശ നിരക്ക് ഈടാക്കുന്നത്. |
| ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും ഒരേ നിരക്കി ലാണോ പലിശ ഈടാക്കുന്നത്; | ബി) അതെ |
| സി) പലിശനിരക്ക് പുതുക്കുവാൻ ആർക്കാണ് അധികാരം; | സി) സെൻട്രൽ ബാങ്ക് കോൺഫറൻസിൽ എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആണ് പലിശ നിരക്ക് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്. |
| ഡി) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും സ്വർണ്ണപ്പണയ വായ്പയ്ക്ക് ഒരേ നിരക്കിൽ പലിശ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും ഒരേ നിരക്കിലാണ് സ്വർണ്ണപ്പണയ വായ്പയ്ക്ക് പലിശ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ